(ബി) ഈ ഗവണ്മെന്റു നടപടി പുനഃപരിശോധിക്കുമോ;

(സി) കേരളത്തിന്റെ മലയോര പ്രദേശങ്ങളിലെ കൃഷിക്കാരെ കസ്തൂരി പ്രസ്തുത മേഖലയിലെങ്കിലും 5000 ഉറുപ്പികയിൽ കവിഞ്ഞു പോകയിരുത്തിയിട്ടുള്ള പണികളെങ്കിലും നടത്താൻ ആവശ്യമായ സത്വര നടപടികളും സ്വീകരിക്കുമോ?

മാനേജ്മെന്റ് മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) വിശദാംശങ്ങളും ചർച്ച ചെയ്തു തീരുമാനമെടുക്കുന്നതുവരെ പുതിയ പണികളും ഗവണ്മെന്റു് അനുവാദം കൂടാതെ എടുക്കേണ്ടതില്ലെന്നു നിർദ്ദേശം നൽകിയിട്ടുണ്ടു്.

(ബി, സി) വിശദാംശങ്ങളും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണു്. അവസാന തീരുമാനമെടുക്കുന്നതിനു് മുൻപു് ഇതിനെപ്പറ്റി പരിഗണിക്കാവുന്നതാണു്.

ബ്ലാക്കു് ലിസ്റ്റിൽപ്പെടുത്തിയ വ്യവസായ സ്ഥാപനങ്ങൾ

* 49 [112] ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി പറയുമോ:

(എ) കേരളത്തിലുള്ള ഏതെങ്കിലും കമ്പനികളെയോ, വ്യവസായ സ്ഥാപനങ്ങളെയോ ഇൻഡ്യാ ഗവണ്മെന്റു് 1968-69-ൽ ബ്ലാക്കു് ലിസ്റ്റിൽപ്പെടുത്തുകയുണ്ടായോ;

(ബി) എറണാകുളത്തെ കേരളപ്രകാശം എന്ന കമ്പനിയെ ഇപ്രകാരം ബ്ലാക്കു്ലിസ്റ്റിൽപ്പെടുത്തുകയുണ്ടായോ;

(സി) എങ്കിൽ അതിനുള്ള കാരണമെന്താണു്?

വ്യവസായമന്ത്രി (ശ്രീ.ടി വി.തോമസ്):

(എ, ബി) ഇക്കാര്യത്തിൽ വ്യവസായ വകുപ്പിനു് യാതൊരു അറിവും ലഭിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

ദേശസാൽക്കരണത്തിനു് വിദേശസഹായം

* 50 [116] ശ്രീ. എൻ. ഇ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി പറയുമോ;

(എ) കേരളത്തിന്റെ വ്യവസായവൽക്കരണത്തിനു് വിദേശസഹായം നേടുന്നതു സംബന്ധിച്ചു് എന്തെങ്കിലും റിപ്പോർട്ടു് വ്യവസായമന്ത്രി മന്ത്രിസഭയുടെ പരിഗണനയ്ക്കായി മുഖ്യമന്ത്രിക്കു് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടു് മന്ത്രിസഭ പരിഗണിച്ചുവോ;

(സി) വ്യവസായവൽക്കരണത്തിനു് വിദേശസഹായം നേടുന്നതു സംബന്ധിച്ചു് ഒരു 'ഗൈഡ്ലൈൻ' തയാറാക്കി സമർപ്പിക്കാമെന്നും മുഖ്യമന്ത്രി ഏറ്റിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അപ്രകാരം സമർപ്പിച്ചു കഴിഞ്ഞുവോ;

(ഇ) കേരളത്തിലെ ഇരുമ്പയിർ ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു സ്റ്റീൽ പ്ലാന്റു് ഇവിടെ സ്ഥാപിക്കാൻ ഏതെങ്കിലും വിദേശ രാജ്യത്തിൽ നിന്നും ഓഫർ ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതു രാജ്യത്തു നിന്നാണു്?

വ്യവസായമന്ത്രി (ശ്രീ. ടി. വി തോമസ്):

(എ) ഉണ്ടു്.

(ബി) ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണു്. അടുത്തുതന്നെ തീരുമാനമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അടുത്തുതന്നെ തീരുമാനമുണ്ടാകുമെന്ന പ്രതീക്ഷിക്കുന്നു.

(ഇ) കിട്ടിയിട്ടുണ്ട്.

(എഫ്) കൂടുതൽ വിവരം തൽക്കാലം വെളിപ്പെടുത്തുന്നതു് നമ്മുടെ താല്പര്യത്തിനു് സഹായകരമല്ല.

മുൻസിപ്പാലിറ്റികളുടെ രൂപീകരണം

* 51 [120] ശ്രീ. പി. പി. ജോയ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു പുതുതായി മുൻസിപ്പാലിറ്റികൾ രൂപീകരിക്കുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) പഞ്ചായത്തുകൾ അപ്ഗ്രേഡ് ചെയ്തു മുനിസിപ്പാലിറ്റികളാക്കുന്നതു സംബന്ധിച്ചു് മുൻസിപ്പാലിറ്റീസ് ഡയറക്ടർ സമർപ്പിച്ച സ്റ്റഡിറിപ്പോർട്ടിന്മേൽ എന്തെല്ലാമാണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) ചില നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിലുണ്ട്.

(ബി) പയ്യന്നൂർ, മാലക്കടവു്.

(സി) മേല്പറഞ്ഞ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കണമെന്നു് സ്റ്റഡിറിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ടു്.

സൂക്ഷ്മോപകരണശാല

* 52 [122] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്): താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സൂക്ഷ്മോപകരണശാലകൾക്കുവേണ്ടി പൊന്നും വിലയ്ക്കെടുത്ത സ്ഥലം പ്രസ്തുത സ്ഥാപനം ഇനി സ്ഥാപിക്കേണ്ടതില്ലെന്നു് തീരുമാനിച്ചതായി സ്ഥിതിക്കു്, മുൻപറഞ്ഞപ്രകാരമുള്ള കൃഷിക്കാർക്കുതന്നെ തിരിയെ കൊടുക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുതസ്ഥലം കേരളാഗവണ്മെന്റിനെ തിരിയെ ഏല്പിക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

(ബി) ഇല്ല.

പഞ്ചായത്തുകൾ റോഡുകൾ

* 53 [124] ശ്രീ. കെ. പി. രാമചന്ദ്രൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പഞ്ചായത്തു റോഡുകൾ ഗവണ്മെന്റു് ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു് അടിയന്തിരമായും ഏറ്റെടുത്തു മലയോരത്തുള്ള കുടിയേറ്റക്കാർക്കു് ആശ്വാസം നൽകുമോ;

(സി) തളിപ്പറമ്പു–പട്ടുവം റോഡിന്റെ പ്രാധാന്യം പരിഗണിച്ചു് ആ റോഡു് അടിയന്തിരമായും ഏറ്റെടുത്തു പ്രവൃത്തി തുടരുമോ?

LIBRARY ARCHIVES Kerala Legislative Assembly